**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിരിക്കുന്ന കെ . എസ് . ഇ . ബി സെക്ഷൻ ഓഫീസിന്റെ അവശേഷിക്കുന്ന വാടക തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2446/2019/ത.സ്വ.ഭ.വ .** തിരുവനന്തപുരം, തീയതി: 04/11/2019

---

പരാമർശം:- നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.08.2019 ലെ C2 5383/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിരിക്കുന്ന കെ . എസ് . ഇ . ബി സെക്ഷൻ ഓഫീസിന് പഞ്ചായത്ത് മുൻകൈ എടുത്ത് ആവശ്യമായ സാഹചര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും , L S G D അസിസ്റ്റന്റ് എഞ്ചിനീയർ നിയമാനുസൃത നിരക്കിലുള്ള വാടകയായി 10,350/- രൂപ നിശ്ചയിച്ചിട്ടുണ്ടെന്നും , ടി തുക 2019 നവംബർ മാസം വരെ കണക്കാക്കി പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും 30/07/2019 ലെ 11(17) തീരുമാനപ്രകാരം അടയ്ക്കേണ്ടതാണെന്നും , തുടർന്നുള്ള വാടക അടയ്ക്കേണ്ട ഉത്തരവാദിത്തം ഏറ്റെടുക്കണമെന്ന് കെഎസ്ഇബി യെ അറിയിച്ചിട്ടുള്ളതുമാണെന്നും , നിലവിൽ പഞ്ചായത്തു തനത് ഫണ്ടിൽ നിന്നും വാടക ഇനത്തിൽ 1,75,950/- രൂപ നൽകുന്നതിനുള്ള അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നും നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് .പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിരിക്കുന്ന കെ . എസ് . ഇ . ബി സെക്ഷൻ ഓഫീസിന്റെ 2019 നവംബർ മാസം വരെ വാടകയിനത്തിൽ അവശേഷിക്കുന്ന 1,75,950/- രൂപ (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരത്തി അമ്പതു രൂപ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ,**

**ഡെപ്യൂട്ടിസെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

പ്രസിഡന്റ്/സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് ,എറണാകുളം

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

Remedz

*സെക്ഷൻ ഓഫീസർ.*